**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **06-02-2023 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിൽ സ്ഥിരം ജണ്ട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികളിൽ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് വനാതിർത്തികൾ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സെൻട്രൽ സർക്കിൾ തൃശ്ശൂരിന്റെ പരിധിയിൽ വരുന്ന വനാതിർത്തികൾ ഇതിനോടകം പൂർണ്ണമായും ജണ്ട കെട്ടി വേർതി രിച്ചിട്ടുണ്ട്. മറ്റു സർക്കിളുകളിൽ വനാതിർത്തി ഭൂമിയിൽ അടയാളപ്പെടുത്തുവാൻ ശേഷിക്കുന്ന ഭാഗങ്ങളിലും കോടതി കേസുകൾ നിലനിൽക്കുന്നയിടങ്ങളിലും തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിലും ഇനിയും ജണ്ടകൾ സ്ഥാപിക്കുവാനുണ്ട്. |
| (ബി) | ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് സ്ഥിരം ജണ്ടകൾ കെട്ടിയിട്ടുള്ളതെന്നും ജണ്ട കെട്ടാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ഏതൊക്കെ വനാതിർത്തികളിലാണെന്നും വ്യക്തമാക്കാമോ? | (ബി) | ഏറനാട് മണ്ഡലത്തിൽ ഉൾപ്പെട്ടതും പാലക്കാട് ഈസ്റ്റേൺ സർക്കിളിലെ നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റെയിഞ്ചിലെ എടക്കോട് ഫോറസ്റ്റ് സ്റ്റേഷനിലെ കുളപ്പാടം മലവാരത്തിന്റെ മുഴുവൻ വനാതിർത്തികളിലും, കൊടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷനിലെ ചെക്കുന്ന് മലവാരത്തിലെ സർവ്വേ പൂർത്തിയായ വനാതിർത്തികളിലും, ഊർങ്ങാട്ടിരി മലവാരത്തിന്റെ സർവ്വെ പൂർത്തിയായ വനഭാഗങ്ങളിലും സ്ഥിരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ചെക്കുന്ന് മലവാരം, ഊർങ്ങാട്ടിരി മലവാരം തുടങ്ങിയ വനഭാഗങ്ങളിലെ സർവ്വേ പൂർത്തീകരിക്കാത്ത വനതിർത്തികളിലും, പൊതുജനങ്ങളുമായി തർക്കം നിലനിൽക്കുന്ന സർവ്വേ പൂർത്തീകരിക്കാത്ത വനാതിർത്തികളി ലും ജണ്ടകൾ നിർമ്മിക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ